(ബി) നേരത്തെത്തന്നെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ധാതുനിക്ഷേപങ്ങളെക്കുറിച്ചുള്ള വിശദപഠനമാണ് പ്രോജക്ട് ഏറ്റെടുത്തു നടത്തിയത്. ഇതിൽ നിലമ്പൂർ പ്രദേശത്തെ സ്വർണ്ണനിക്ഷേപം എറണാകുളം ജില്ലയിൽ വടകോട്ട് നാഗപ്പുഴ പ്രദേശങ്ങളിലും കോട്ടയം ജില്ലയിലെ ചിറക്കടവുപ്രദേശത്തുള്ള ഗ്രാഫൈറ്റ് നിക്ഷേപം തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ വൈഡൂര്യനിക്ഷേപം എന്നിവ ഉൾപ്പെടുന്നു. അട്ടപ്പാടിപ്രദേശത്തെ ഷിലൈറ്റുനിക്ഷേപം പ്രോജക്ടുതന്നെ കണ്ടുപിടിച്ചിട്ടുള്ളതാണ്.

(സി) കേരള ധാതുപര്യവേഷണ വികസന പ്രോജക്ട് ഗവൺമെൻറിന്റെ ഒരു സ്വതന്ത്ര ഗവേഷണ യൂണിറ്റായി പ്രവർത്തിക്കുന്നതാണ്.

## വെള്ളപ്പൊക്ക ദുരിതാശ്വാസപ്രവർത്തനത്തിനുള്ള സഹായം

* [271] ശ്രീ. കെ. ശങ്കരനാരായണപിള്ള:

,, എ. സി. ഷൺമുഖദാസ്:

,, പി. വിജയദാസ്:

,, കെ. ടി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഇതുവരെയായി എത്ര രൂപയുടെ സാമ്പത്തിക സഹായത്തിനുള്ള അനുവാദം നൽകി എന്ന് ഔദ്യോഗികമായി കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഓരോ വകുപ്പുമുഖേനയും ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി അനുസരിച്ച് ഇതേവരെ കേന്ദ്രസഹായമായി ഈ വർഷം ഓരോ ഇനത്തിലും കിട്ടിയസംഖ്യ എത്ര;

(ഡി) ഇതിൽ 1985 ആഗസ്റ്റ് 31 വരെ എത്ര സംഖ്യ ചെലവായിട്ടുണ്ട്;

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) മൊത്തം 134.79 കോടിരൂപ ചെലവുചെയ്യാവുന്ന പരിധിയായി നിശ്ചയിച്ച് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

(ബി) കേന്ദ്രഗവൺമെൻറ് സൂചിപ്പിച്ചിരിക്കുന്ന വിധത്തിൽ ചെലവഴിക്കണം. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) കേന്ദ്രഗവൺമെൻറ് നിശ്ചയിച്ചിരിക്കുന്ന പരിധിക്കും നിബന്ധനകൾക്കും വിധേയമായി ചെലവഴിക്കുന്ന തുക അനുവദിച്ചുകിട്ടും.

(ഡി) 28.89 കോടി രൂപ വിവിധവകുപ്പുകൾക്ക് അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

† അനുബന്ധം—I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

26-9-1985-ലെ നക്ഷത്ര ചിഹ്നമിട്ട (271)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.

| നോൺ പ്ലാൻ | | പരമാവധി ചെലവാക്കാവുന്ന തുക | |
|---|---|---|---|
| 1. | റോഡുകൾ | 46.27 | കോടിരൂപ |
| 2. | ഹൗസിംഗ് | 15.75 | ,, |
| 3. | പൊതുമരാമത്തുകൾ | 4.16 | ,, |
| 4. | താൽക്കാലിക ആശ്വാസ കേന്ദ്രങ്ങൾ | 1.60 | ,, |
| 5. | കൃഷി | 10.72 | ,, |
| 6. | ജലസേചനം | 12.20 | ,, |
| 7. | ദുരിതാശ്വാസം | 14.13 | ,, |
| 8. | ഫിഷറീസ് | 3.10 | ,, |
| 9. | വനവൽക്കരണം | 1.25 | ,, |
| 10. | മൃഗസംരക്ഷണം | 3.11 | ,, |
| 11. | ശുദ്ധജലവിതരണം | 2.48 | ,, |
| 12. | സാനിട്ടേഷൻ | 1.25 | ,, |
| 13. | ആരോഗ്യസംരക്ഷണം | 1.10 | ,, |
| 14. | സ്കൂൾ കുട്ടികൾക്ക് ബുക്ക് | 2.00 | ,, |
| 15. | പ്രത്യേക പോഷകാഹാരവും മറ്റും | 1.00 | ,, |
| 16. | ആർട്ടിസാൻസ് പ്ലാൻ: | 0.50 | ,, |
| 17. | ഹ്രസ്വകാല വായ്പകളെ മദ്ധ്യകാല വായ്പകളാക്കി മാറ്റാൻ സംസ്ഥാനവിഹിതം | 13.00 | ,, |
| 18. | മത്സ്യത്തൊഴിലാളികൾക്കുള്ള പ്രത്യേക തൊഴിൽദാന പരിപാടിയും മറ്റും | 1.17 | ,, |
| | ആകെ | 134 79 | ,, |

LIBRARY ARCHIVES Kerala Legislative Assembly